ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തിരുവനന്തപുരം ജില്ലയിലെ ചില സ്കൂൾ വിദ്യാർത്ഥികളെ 3-2-2006-ൽ ഭക്ഷ്യവിഷബാധയെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വഞ്ചി പുവർ ഹോം ചാരിറ്റബിൾ സൊസൈറ്റിയിൽ നിന്നും പാചകം ചെയ്ത് വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ കഴിച്ച കുട്ടികൾക്കാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ഈ ചാരിറ്റബിൾ സൊസൈറ്റിക്ക് അരി വിതരണം ചെയ്തതത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചാല സബ് ഡിപ്പോയിൽ നിന്നും ആയതിനാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉന്നതാധികാരികളും എഫ്.സി.ഐ.-യിലെ ക്വാളിറ്റി കൺട്രോൾ ഉദ്യോഗസ്ഥരും സാമ്പിൾ ശേഖരിച്ച് പരിശോധിച്ചതിൽ ഗുണനിലവാരമുള്ള അരിയാണ് ഈ ഡിപ്പോയിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രസ്തുത വഞ്ചിപുവർ ഹോം വേറെ എവിടെനിന്നെങ്കിലും അരി ദാനമായി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയില്ല. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ഭക്ഷ്യവസ്തുക്കൾ എപ്രകാരം വൃത്തിയായി സൂക്ഷിക്കണമെന്നതിനെക്കുറിച്ചും ശുചിത്വത്തോടുകൂടി പാചകം ചെയ്യേണ്ടതിനെക്കുറിച്ചും എല്ലാ ഡിപ്പോ മാനേജർമാർക്കും സ്കൂൾ അധികൃതർക്കും മാവേലി സ്റ്റോർ മാനേജർക്കും 2005 ഏപ്രിൽ മാസത്തിൽ ഗുണനിലവാര പരിരക്ഷ മാർഗ്ഗ നിർദ്ദേശങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. ഉച്ചക്കഞ്ഞി വിതരണത്തിനു നൽകുന്ന ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരം കുറഞ്ഞവയാണെന്നതു സംബന്ധിച്ച് ഷോപ്പ് മാനേജരിൽ നിന്നോ അദ്ധ്യാപക-രക്ഷകർത്താക്കളിൽ നിന്നോ സ്കൂൾ അധികൃതരിൽനിന്നോ മറ്റ് സംഘടനകളിൽ നിന്നോ നാളിതുവരെ രേഖാമൂലമായ പരാതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്കൂളുകളിലേയ്ക്ക് മാത്രമല്ല അരി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. റേഷൻ കടകളിലും മറ്റ് ഡിപ്പോകളിലും ഇതേ ഡിപ്പോയിൽ നിന്നുതന്നെയാണ് വിതരണം ചെയ്തിട്ടുള്ളത്. മറ്റൊരു സ്ഥലത്തും ഇത്തരം പരാതികൾ ഉണ്ടായിട്ടില്ല. വഞ്ചി പുവർഹോം എന്നു പറയുന്ന ചാരിറ്റബിൾ സൊസൈറ്റി എവിടെ നിന്നെങ്കിലും സൗജന്യമായി അരി സ്വീകരിച്ചിതിൽ നിന്ന് ഉണ്ടായിട്ടുള്ളതാണോ എന്ന് സംശയമുണ്ട്. അല്ലാതെ അങ്ങനെയാതൊരു അപാകതയും ഇല്ല എന്ന റിപ്പോർട്ട് തന്നെയാണ് സിവിൾ സപ്ലൈസ് കോർപ്പറേഷൻ തന്നിട്ടുള്ളത്. അത് എഫ്.സി.ഐ. നേരിട്ട് പരിശോധന നടത്തുകയും ചെയ്തിട്ടുള്ളതാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ എക്കാലവും നല്ല അരിയാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

42. ആദിവാസികൾക്ക് അനുവദിച്ച ഭൂമിക്ക് പട്ടയം

ശ്രീ. എ. കെ. ബാലൻ: സർ, ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഭൂമിയും കൈവശരേഖയും നൽകുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നുവെങ്കിലും നാളിതുവരെ അത് നടപ്പിലാക്കിയിട്ടില്ല. ആദിവാസികൾക്ക് ഇതുവരെ ഒരു തുണ്ട് ഭൂമിപോലും ലഭിച്ചിട്ടില്ല. 30,000 കുടുംബങ്ങൾക്ക് ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഏക്കറിൽ താഴെയാണ് ഭൂമിയുള്ളത്. ഈ ഭൂമിക്ക് പട്ടയവവും ലഭിച്ചിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സർക്കാർ കണക്കുപ്രകാരം 3802 കുടുംബങ്ങൾക്ക് 5902.92 ഏക്കർ ഭൂമി നല്കിയിട്ടുണ്ട്. ഭൂമിക്കുവേണ്ടിയുള്ള സമരത്തിൽ ഒരു ആദിവാസി പോലീസ്വെടിയേറ്റ് മരിക്കുകയും കുട്ടികളടക്കം 1500-ൽപ്പരം ആദിവാസികൾ ജയിലറയ്ക്കുള്ളിൽ അടയ്ക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആ ജയിലറയ്ക്കുള്ളിൽ വച്ചുതന്നെ ഒരു ആദിവാസി യുവതി പ്രസവിക്കുകയും കുട്ടി മരണപ്പെടുകയും ചെയ്തു. 10 വയസ്സിനു താഴെയുള്ള 34 കുട്ടികളെ ജയിലിലടച്ചു. കേന്ദ്ര സർക്കാരിൽ നിന്നും 12,196 ഹെക്ടർ വനഭൂമി വിട്ടുകിട്ടിയിട്ടുണ്ടെന്ന് അന്നത്തെ മുഖ്യ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എ. കെ. ആന്റണി നിയമസഭയിൽ പ്രഖ്യാപിച്ചുവെങ്കിലും അതിൻമേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. പൊതുവേ പാവപ്പെട്ട ഈ അടിസ്ഥാനവർഗ്ഗത്തിന് ഭൂമിയില്ലാതെ, കിടന്നുറങ്ങാൻ സൗകര്യമില്ലാതെ, റേഷൻ കാർഡുപോലും ലഭ്യമല്ലാതെ നരകതുല്യമായ ജീവിതമാണ് നയിക്കുന്നത്. കുട്ടികളെ പഠിപ്പിക്കാൻ കഴിയുന്നില്ല. രോഗം വന്നാൽ ചികിൽസിക്കാൻ സൗകര്യമില്ല. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിക്കേണ്ടതാണ്. ആദിവാസി സംഘടനകളുമായി ഉണ്ടാക്കിയ കരാർ ഗവൺമെന്റിനെ ഓർമ്മപ്പെടുത്തുകയാണ്. ഭൂമിയില്ലെങ്കിൽ ആദിവാസി മേഖലയിൽ വലിയ കുഴപ്പങ്ങളുണ്ടാകും, പൊട്ടിത്തെറിക്ക് സാദ്ധ്യതയുണ്ട്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭൂരഹിതരായ ആദിവാസികൾക്ക് പകരംഭൂമി ഉറപ്പുവരുത്തിയത് ഐക്യജനാധിപത്യ 12 Noon] മുന്നണി ഗവൺമെന്റാണ്. ആ ചാരിതാർത്ഥ്യത്തോടുകൂടിയാണ് ഞങ്ങൾ ഈ സഭ പിരിയുന്നത്. ഒരുപക്ഷെ എന്നെ സംബന്ധിച്ചിടത്തോളം ഈ നിയമസഭയിലെ അവസാനത്തെ സബ്മിഷനാണ്. ഈ നിയമസഭയിലെ അവസാനത്തെ സബ്മിഷനാണെന്നുള്ള നിലയ്ക്ക് ആദിവാസികൾക്ക് ഭൂമി കൊടുക്കുന്ന കാര്യം പറയാൻ എനിക്ക് ഒരു അവസരം കിട്ടുന്നതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമുണ്ട്. ഇവിടെ ഒരു കാര്യം ഞാൻ പറയട്ടെ. അങ്ങ് പറഞ്ഞത് ശരിയാണ്. 3802 പേർക്ക് 5902 ഏക്കർ സ്ഥലം നൽകിയത് ചെറിയ കാര്യമാണോ? അതൊരു വലിയ കാര്യം തന്നെയാണ്. ഗവൺമെന്റിനെ അതിന് അഭിനന്ദിക്കാം. വയനാട് ചീങ്ങേരിയിൽ ഉടനടി 182 പേർക്ക് കൂടി ഭൂമി നൽകാൻ നടപടിയായിട്ടുണ്ട്. ശ്രീ. ബാലൻ അവിടെ ചെല്ലുമ്പോൾ മനസ്സിലായിക്കൊള്ളും. 182 പേർക്ക് ഉടനെ ഭൂമി കൊടുക്കാൻ പോകുകയാണ്. എല്ലാപേരും മനസ്സിലാക്കേണ്ട കാര്യം 10 സെന്റിന് താഴെയുള്ള 12,000 പേരുണ്ട്. ഭൂരഹിതരായ 13,000 പേരുണ്ട്. ഇവർക്ക് മാത്രം ഭൂമി നൽകാൻ 9589 ഹെക്ടർ സ്ഥലം വേണം. അതായത് 10,000 ഹെക്ടറോളം സ്ഥലം വേണം. ഞാൻ സന്തോഷത്തോടുകൂടി പറയട്ടെ, അതിനുള്ള ഭൂമി ഈ ഗവൺമെന്റ് കണ്ടെത്തി ക്കഴിഞ്ഞിരിക്കുന്നു. നടപടി ഉടനെ ആരംഭിക്കുകയാണ്. ഇതൊക്കെയല്ലേ സർ ചെയ്യുന്നത്? ഇത് വാസ്തവത്തിൽ പറഞ്ഞാൽ വലിയ ഒരു കാര്യമാണ്. ആദിവാസികൾക്ക് വേണ്ടിയുള്ള ഞങ്ങളുടെ പ്രവർത്തനങ്ങൾ ഇനിയും

LIBRARY ARCHIVES Kerala Legislative Assembly

തുടരുകയാണ്. യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റിന്റെ മുഖ്യമായ അജണ്ട ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കുകയെന്നുള്ളതാണ്. അത് ഓർമ്മയുണ്ടല്ലോ. അതുകൊണ്ട് ഇവർക്കെല്ലാം ഭൂമി കൊടുക്കുന്നതിനുള്ള ശ്രമത്തിൽ നമുക്കെല്ലാ പേർക്കും പങ്കുചേരാം. കുരുക്ഷേത്രയുദ്ധം ഒരു വശത്ത് നടക്കട്ടെ, മറുവശത്ത് പാവപ്പെട്ടവർക്ക് ഭൂമി ഉറപ്പുവരുത്തുന്ന ആ യജ്ഞവും വിജയിപ്പിക്കാൻവേണ്ടി നമുക്ക് കൈകോർക്കാം എന്ന് ശ്രീ. ബാലനോട് പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

പട്ടിക സമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഇതുവരെ 3802 കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് മാത്രമല്ല, ഈ വരുന്ന 2-ാം തീയതി 1200 കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമി നൽകാൻ തീരുമാനിച്ചിരിക്കുന്നു, അതോടൊപ്പം മാർച്ച് 31-ാം തീയതിക്കകം ബാക്കിവരുന്ന 2300 ഏക്കർ ഭൂമിയും നൽകാനുള്ള നടപടികൂടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്.

(43) നെയ്യാർഡാം പ്രദേശങ്ങളിലെ ടൂറിസം വികസനം

ശ്രീ. തമ്പാനൂർ രവി: തിരുവനന്തപുരം ജില്ലയിലെ അതി പ്രധാനമായ ടൂറിസ്റ്റ് കേന്ദ്രമാണ് നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർഡാം. പ്രകൃതിരമണീയമായ ഈ സ്ഥലത്ത് ദിവസവും ധാരാളം ടൂറിസ്റ്റുകൾ വരികയാണ്. അവർക്ക് വേണ്ട സൗകര്യങ്ങളൊന്നും അവിടെയില്ല. ഗവൺമെന്റിൽ പല നിവേദനവും കൊടുത്തു. പ്രോജക്ട് തയ്യാറായി പല ചർച്ചകൾ നടന്നു. ഇപ്പോൾ ടൂറിസത്തിന്റെ കാലമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ധാരാളം തുക ഈ രംഗത്ത് ചെലവഴിക്കുന്നു. സർ, അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് അവിടത്തെ ടൂറിസം വികസനത്തിനുവേണ്ടി കേന്ദ്രത്തിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കണം. ഫോറസ്റ്റ്, ഫിഷറീസ്, ഇറിഗേഷൻ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ചർച്ച നടത്തി ഒരു ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, പ്രകൃതിരമണീയമായ നെയ്യാർഡാമിന്റെ വിനോദസഞ്ചാര സാദ്ധ്യത കണക്കിലെടുത്ത് ടൂറിസം വകുപ്പ് ബൃഹത്തായ പദ്ധതിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ദിവസം യോഗം കൂടിയിരുന്നു. നെയ്യാർഡാമിന്റെ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ട് വിശദമായ മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. ആ പദ്ധതിക്ക് അനുമതി ലഭിച്ചയുടനെതന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നെയ്യാർ ഡാമിന്റെ പ്രത്യേകതകൾക്കനുസരിച്ച് നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly